തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

## വൈസ് ചാൻസലറുടെ നടപടിക്രമം

**നമ്പർ: 070/2018/പരീക്ഷകൾ.** **തിയതി: തിരൂർ 08.01.2018**

സംഗ്രഹം: മലയാളസർവകലാശാല - അക്കാദമികം- പരീക്ഷകൾ- ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 2018 ജനുവരി 06 ന് കൂടിയ മലയാളസർവകലാശാല അക്കാദമിക് കൗൺസിലിന്റെ 16-ാമത് യോഗതീരുമാനങ്ങളിൽ ഇനം 9/16.

### ഉത്തരവ്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ യു.ജി.സി നിബന്ധനകൾ അനുസരിച്ച് ക്രെഡിറ്റ് സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി പരീക്ഷകളുടെ മാർക്ക് ലിസ്റ്റിൽ ഗ്രേഡ് ആണ് നൽകുന്നത്. അദ്ധ്യാപക നിയമനത്തിന്റെ പുതുക്കിയ സ്കോർ ഷീറ്റിൽ അക്കാദമിക പശ്ചാത്തലം പരിശോധിക്കുന്ന മാനദണ്ഡങ്ങളിൽ ഒന്നായി ഉയർന്ന മൂന്ന് റാങ്കിന് സ്കോർ നൽകാൻ വ്യവസ്ഥയുണ്ട്. മലയാളസർവകലാശാലയിലെ ഉന്നത വിജയം നേടുന്ന സർവകലാശാലയിലെ അർഹരായ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന ആവശ്യം ഉയർന്നു വന്നു. അക്കാദമിക കൗൺസിൽ ഈ നിർദ്ദേശം പരിഗണിക്കുകയും അതിനായി രൂപ കൽപന ചെയ്ത മെറിറ്റ് സർട്ടിഫിക്കറ്റിന് ഭേദഗതിയോടെ അംഗീകാരം നൽകുകയും ചെയ്തു.

2) ഈ സാഹചര്യത്തിൽ മലയാളസർവകലാശാലയിൽ നിന്നും സിബിസിഎസ് അനുസരിച്ച് ഗ്രേഡ് രേഖപ്പെടുത്തിയ മാർക്ക് ലിസ്റ്റ് സ്വീകരിച്ച വിദ്യാർത്ഥികളിൽ ഉയർന്ന മൂന്ന് റാങ്ക് നേടുന്നവർക്ക് ഇതിനൊപ്പം അനുബന്ധം ചെയ്ത മാതൃകയിൽ മെറിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) ഇതിനകം കോഴ്സ് പൂർത്തിയാക്കിയ അർഹരായ വിദ്യാർത്ഥികൾ ഇതിനായി പരീക്ഷാ കൺട്രോളർക്ക് നിശ്ചിത ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4) ഇതു സംബന്ധമായി പരീക്ഷാ ചട്ടങ്ങളിൽ ഉചിതമായ കൂട്ടിച്ചേർക്കൽ വരുത്തേണ്ടതാണ്.

ഡോ. ഉഷ ടൈറ്റസ് ഐ.എ.എസ്
വൈസ് ചാൻസലർ

രജിസ്ട്രാർ ഇൻ ചാർജ്
പരീക്ഷാ കൺട്രോളർ
എല്ലാ അക്കാദമിക വിഭാഗങ്ങളും/ഭരണ വിഭാഗങ്ങളും
ഓഫീസ് രേഖ/കരുതൽ രേഖ/വെബ്സൈറ്റ്/നോട്ടീസ് ബോർഡ്

B 2018 Procee 2(a)